**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 677** **13-01-2021-ൽ മറുപടിക്ക്**

**വിനോദ സഞ്ചാരം പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം<br>ശ്രീ. അനിൽ അക്കര<br>ശ്രീ . വി .എസ്. ശിവകുമാർ<br>ശ്രീ. ടി. ജെ. വിനോദ് | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി)** |
| (എ) | കോവിഡ് മൂലം സംസ്ഥാനത്തെ ടൂറിസം മേഖലയിലും അനുബന്ധ മേഖലയിലും ഉണ്ടായ തളർച്ച ഈ മേഖലയുമായി ബന്ധപ്പെട്ട പതിനായിരങ്ങളുടെ ജീവിതം വഴിമുട്ടിച്ചു എന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | കോവിഡ് മൂലം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പൂർണമായി നിശ്ചലമായിരുന്നു. ടൂറിസം മേഖലയിൽ നേരിട്ടും അനുബന്ധ മേഖലയിലും ഉണ്ടായ പ്രതിസന്ധി നിരവധിയാളുകളുടെ ജീവിതം വഴിമുട്ടിച്ചു എന്നത് യാഥാർഥ്യമാണ്. കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി മറികടക്കുന്നതിനായി വിനോദ സഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി സർക്കാർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയത് പ്രകാരം കോവിഡ് വ്യാപനം കാരണം ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വരുമാന പ്രതിസന്ധി നേരിട്ട ഡി.ടി.പി.സി കളിലെ ജീവനക്കാർക്കും ടൂറിസം ഡെസ്റ്റിനേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും വേതനം അനുവദിക്കുന്നതിനായി സർക്കാർ ധനസഹായമായി 5,19,00,000/- രൂപ അനുവദിച്ചിരുന്നു. ഡി.ടി.പി.സി കളുടെ ലൈസൻസികൾക്ക് കോവിഡ് കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞു കിടന്ന കാലത്തെ വാടകയിൽ ഇളവ് നൽകുകയും സ്ഥാപനങ്ങളുടെ ലീസ് കാലാവധി (അടഞ്ഞു കിടന്ന അത്രയും കാലം) ദീർഘിപ്പിച്ചു നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 1/2021/ ടൂറിസം തീയതി 08-01-2021 പ്രകാരം കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ ജീവനക്കാർക്കായി എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നോ; | | |

| | | | |
|---|---|---|---|
| | | | വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ ടൂറിസം മേഖല ഭാഗികമായി തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുകയും, ആദ്യ ഘട്ടത്തിൽ സഞ്ചാരികളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ (ഹൗസ് ബോട്ട്, അഡ്വഞ്ചർ ടൂറിസം മേഖലകൾ, ഹിൽ സ്റ്റേഷനുകൾ) 10/10/2020 മുതൽ തുറന്നു കൊടുത്തു. തുടർന്ന് സഞ്ചാരികൾ അധികമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങൾ (ബീച്ചുകൾ, വാക് വേ) 01/11/2020 മുതൽ തുറന്ന് കൊടുക്കുന്നതിനും ഉത്തരവായിരുന്നു. കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കുന്നതിനും, ആളുകളെ കർശനമായി നിയന്ത്രിച്ചും വേണം ഇപ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കേണ്ടതെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കേരളത്തിലെ എല്ലാ വിനോദസഞ്ചാര മേഖലകളും തുറന്ന് നൽകണമെന്ന് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | ഉണ്ട് |
| (ഇ) | ഗോവ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ വിനോദ സഞ്ചാരം പുനരാരംഭിക്കുകയും അവിടെ വൻതോതിൽ സഞ്ചാരികൾ കോവിഡ് മാനദണ്ഡം പാലിച്ച് എത്തുന്നതും കണക്കിലെടുത്ത് കോൺഫെഡറേഷന്റെ ആവശ്യം പരിഗണിക്കുമോ? | (ഇ) | കോവിഡ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിച്ച് 10/10/2020, 01/11/2020 എന്നീ തീയതികളിലായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നിട്ടുണ്ട് |

സെക്ഷൻ ഓഫീസർ